**Sept: 1**

## KGBEU OU ബുള്ളറ്റിൻ 49/2022

സഖാക്കളെ,

# വിഷയം: വേതന തുല്യതയുടെ 35 വർഷങ്ങൾ

രാജ്യത്തെമ്പാടുമുള്ള ഗ്രാമീണ ബാങ്ക് ജീവനക്കാർക്ക് വേതനതുല്യത ലഭ്യമായിട്ട് ഇന്നേക്ക് 35 വർഷം പൂർത്തിയാവുകയാണ്. 01.09.1987 മുതലാണ് ഗ്രാമീണ ബാങ്ക് ജീവനക്കാർക്ക് മറ്റു ബാങ്കുകളുടേതിനു തുല്യമായ വേതനം ലഭിക്കാൻ അർഹതയുണ്ട് എന്ന് NIT അവാർഡിനെ തുടർന്ന് സർക്കാർ തീരുമാനിച്ചത്. 1980 ൽ AIRRBEA യുടെ പ്രഥമ സമ്മേളനം കണ്ണൂരിൽ നടന്നപ്പോൾ അതിൽ ഉയർത്തിയ മുദ്രാവാക്യമാണ് 'Equal pay for equal job' എന്നത്. ആ സമയത്ത് 'Standardisation of wages of RRB Employees' എന്ന, മുഴുവൻ RRB കളിലും ഒരേ വേതനം നൽകിയാൽ മതി (മറ്റ് ബാങ്കുകളുടേതിനു സമാനമായി വേണ്ടതില്ല) എന്നുള്ള പിന്തിരിപ്പൻ മുദ്രാവാക്യങ്ങളും ചില കോണുകളിൽ നിന്ന് ഉയർന്നിരുന്നു. തുടർന്ന് RRB കളിലെ മുഴുവൻ ജീവനക്കാരുടെയും വിശ്വാസം നേടിയെടുത്ത് AIRRBEA യുടെ നേതൃത്വത്തിൽ നാം തുല്യ ജോലിക്ക് തുല്യ വേതനം എന്ന അഭിമാന നേട്ടം കൈവരിക്കുകയായിരുന്നു. സുപ്രീം കോടതിയിലും ഒബുൽ റെഡ്ഡി ട്രൈബ്യൂണലിലും AIRRBEA നടത്തിയ കാര്യക്ഷമമായ പ്രവർത്തന ഫലമായിട്ടാണ് വിധികൾ നമുക്ക് അനുകൂലമായി വന്നത്. അവാർഡ് വന്നതിനു ശേഷവും അത് സമയബന്ധിതമായി നടപ്പാക്കിയതിന് പിന്നിലും AIRRBEA യുടെ ശക്തമായ ഇടപെടൽ ഉണ്ട്. NIT അവാർഡിൽ തന്നെ, AIRRBEA നടത്തിയ ഇടപെടൽ പരാമർശിക്കപ്പെട്ടിട്ടുണ്ട് എന്നത് അഭിമാനാർഹമായ കാര്യവുമാണ്. ഒരു ലക്ഷത്തോളം വരുന്ന ഗ്രാമീണ ബാങ്ക് ജീവനക്കാരിൽ 75% membership സ്വരുക്കൂട്ടി നാം മുന്നേറുന്നതും സന്ധിയില്ലാത്ത സമരങ്ങളുടെ തുടർച്ചയായാണ്. നേടിയെടുത്ത വേതന തുല്യത തട്ടിയെടുക്കാൻ മാനേജ്മെന്റും കേന്ദ്ര സർക്കാരും ശ്രമിച്ചപ്പോൾ അതിനെതിരെയും വലിയ പോരാട്ടങ്ങൾ നടത്തിയാണ് നാം അത് വീണ്ടും നില നിർത്തിയത്. ഒൻപതാം കരാർ വരെയുള്ള BPS, രാജ്യത്തെ ഗ്രാമീണ ബാങ്കുകളിൽ നടപ്പിലാക്കുമ്പോൾ നമ്മുടെ സംഘടനയുടെ പേര്, DFS ഓർഡറിൽ കൃത്യമായി സൂചിപ്പിച്ചിരുന്നു. പത്താം കരാർ മുതൽ രാഷ്ട്രീയ കളികൾ കാരണം ആ പേര് ബോധപൂർവ്വം അവഗണിക്കുകയുമാണ്. ഇവിടെ നാം ഇപ്പോൾ ഒരു പ്രക്ഷോഭത്തിലാണ്. രാജ്യത്തെമ്പാടുമുള്ള ഗ്രാമീണ ബാങ്ക് ജീവനക്കാർക്ക് അവരവരുടെ ബാങ്കുകളിൽ പോരാട്ടം നടത്താനുള്ള ആത്മവിശ്വാസം ഉണ്ടാക്കിയെടുക്കാൻ പാകത്തിൽ ഇവിടുത്തെ പ്രക്ഷോഭം ശക്തിയാർജിക്കുകയാണ്. ഈ അവസരത്തിൽ നാം നേരത്തെ നേടിയെടുത്ത വേതന തുല്യതയുടെ 35 വർഷക്കാലത്തെ ഓർമ്മകൾ നമ്മുടെ പ്രക്ഷോഭത്തിന് കൂടുതൽ ഊർജ്ജം പകരും.

ജനറൽ സെക്രട്ടറി

KGB എംപ്ലോയീസ് യൂണിയൻ

KGB ഓഫീസേഴ്സ് യൂണിയൻ